LIBRARY ARCHIVES Kerala Legislative Assembly

## ക്രമസമാധാന നില

17 (*15) ശ്രീ. എം. നൗഷാദ് :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാന നില കുറെക്കാലമായി മോശമായി കൊണ്ടിരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ;

(ബി) എല്ലാത്തരത്തിലുമുള്ള കുറ്റകൃത്യങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കുമെതിരെ വർദ്ധിച്ചു വന്ന ആക്രമണങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സമ്മർദ്ദംമൂലം ആത്മഹത്യയെ കുറിച്ചു പോലും ചിന്തിക്കേണ്ടി വന്നെന്നും, വധഭീഷണി നേരിടുന്നുവെന്നുമൊക്കെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ പരാതിപ്പെടാനിടയായ സാഹചര്യം പരിശോധിക്കുമോ;

(ഡി) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പരിശോധിച്ചുവരുന്നു.

(ബി) അങ്ങേയറ്റം ദുർബലവും പാർശ്വവൽക്കരിക്കപ്പെട്ടതുമായ പൗരന്റെ പരാതി പരിഹാരത്തിനായിരിക്കും സർക്കാർ മുൻഗണന നൽകുക. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാനും ലിംഗസമത്വം ഉറപ്പാക്കാനുംവേണ്ടി കാര്യക്ഷമമായ ഒരു വിമെൻ സേഫ്റ്റി ആന്റ് സെക്യൂരിറ്റി സ്കീം ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയൻ കൊണ്ടുവരുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

(സി) ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിന് വിപുലമായ പുതിയ പദ്ധതികൾ ആലോചിക്കുന്നു. വകുപ്പിന്റെ ആധുനികവൽക്കരണത്തിന് അനുയോജ്യമായ സാങ്കേതികവിദ്യയുടെ പ്രയോഗം വിഭാവനം ചെയ്യും. പോലീസിലേക്കുള്ള നിയമനം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിന് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതി കൊണ്ടുവരും. ഗതാഗത നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം കൊണ്ടുവരുന്നതും അതിൽ സ്റ്റേറ്റ് ലെവൽ ട്രാഫിക് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെന്റർ എന്ന സംവിധാനം കൊണ്ടുവരുന്നതുമാണ്. സൈബർ സ്പേസിന്റെ ദുരുപയോഗം കണക്കിലെടുത്ത് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനും പരിശീലനത്തിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുന്നതാണ്. പോലീസ് സ്റ്റേഷനുകളുടെ നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് നടപടി യെടുക്കും.

കുറ്റവാളികളെയും കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകരമായ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് & സിസ്റ്റ'വും, ട്രാഫിക് ബോധവൽക്കരണത്തിന് വേണ്ടിയും വിദ്യാലയങ്ങളിലെ മയക്കുമരുന്ന് വിപണനം ഇല്ലാതാക്കുന്നതിനുവേണ്ടിയും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതും പോലീസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളെ പങ്കാളികളാക്കുന്നതിനുവേണ്ടിയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവരെ ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള പരിശീലനവും കൂടുതൽ മികവോടെ നടപ്പാക്കുന്നതിന് നടപടിയെടുക്കും. തീരദേശ സുരക്ഷയ്ക്കായി ഒരു ഐ.ആർ. മറൈൻ ബറ്റാലിയനും തീവ്രവാദം, മറ്റു ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ഇന്ത്യാ റിസർവ് (ഐ.ആർ.) ബറ്റാലിയനുംകൂടി വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും. ഒരു 'വിമെൻ സേഫ്റ്റി ആന്റ് സെക്യൂരിറ്റി സ്കീം' ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയനുള്ള സാധ്യതകൾ പരിശോധിക്കും. താഴെത്തട്ടിലുള്ള വനിതാ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമാണ്.